(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ.14/1407/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തീയതി:31.01.2019
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- ദേവികുളം ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയള വിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-14/1407/2018 തീയതി:31.01.2018

## ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 02.07.2017 മുതൽ 09.12.2018 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം വി | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2018 മുതൽ 15.12.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സജിമോൻ വി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മെജോ കെ. ജോർജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ എം. ഗോവിന്ദസ്വാമി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.വി.എസ്.പാൽസാമി | 01.04.2017 മുതൽ 31.03.2018 വരെ |
| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.സെക്രട്ടറി | ശ്രീ. ജി.ശ്രീകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.എൻജിനിയർ | ശ്രീ.സനി.എം.നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പമീല വിമൽരാജ് | 01.04.2017 മുതൽ 23.06.2017വരെ |
| | ശ്രീ.മുരുകൻ.കെ | 24.06.2017 മുതൽ 16.11.2017 വരെ |
| | ശ്രീ.ഡി.ബിജു | 17.11.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.എസ്.രാഹുൽ | 01.04.2017 മുതൽ 27.11.2017 വരെ |
| | ശ്രീ.ആർ.അനൂപ് | 28.11.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ജിനു.എം | 01.04.2017 മുതൽ 12.05.2017 വരെ |
| | ഡോ.അർച്ചന.എസ്.പി | 13.05.2017 മുതൽ 26.12.2017 വരെ |
| | ഡോ.ഹരികൃഷ്ണൻ.കെ | 27.12.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ | ഡോ.രഞ്ജിനി മാത്യൂസ് | 01.04.2017 മുതൽ 31.03.2018 |

| | | |
|---|---|---|
| ഓഫീസർ(ഐ.എസ്.എം) | | വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജിഷ്ണ.വി.പി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഈ.ഒ | ശ്രീമതി.രമ്യ സുകകുമാരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി. ജയ.കെ.പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ ജിഎൽപിഎസ് | ശ്രീ.കെ.സുബ്രമണ്യൻ | 01.04.2017 മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം | വിഷയം | ഖണ്ഡിക നം |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | വാർഷിക പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം-2 | | |
| 13 | ഉപയോഗക്രമത്തിനനുസൃതമായി വസ്തു നികുതി നിർണയിച്ചിട്ടില്ല | 2-1 |
| 14 | വസ്തു നികുതി-76.68 ലക്ഷം കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 2-2 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. | 2-3 |
| 16 | സ്ഥാപനങ്ങൾ ഡി & ഒ. ട്രേഡ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-4 |
| 17 | വാടക കുടിശിക ഈടാക്കിയിട്ടില്ല. | 2-5 |
| 18 | വിനോദനികുതി നഷ്ടപരിഹാരവിഹിതം ലഭിക്കുവാൻ നടപടികളായില്ല | 2-6 |
| ഭാഗം-3 | | |
| 19 | വിനോദ സഞ്ചാരമേഖലയിലെ സാധ്യതകൾ അനന്തം,വിഭവശേഷി ചൂഷണം ചെയ്യാൻ നടപടികളില്ല | 3-1 |
| 20 | കമ്പ്യൂട്ടർ വാങ്ങലുകൾ -കേന്ദ്രീകൃത വാങ്ങൽ സമ്പ്രദായം അനുവർത്തിച്ചില്ല | 3-2 |
| 21 | ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് മെയിന്റനൻസ് ഗ്രാന്റിനു പകരം വികസന ഫണ്ട് വകയിരുത്തി | 3-3 |
| 22 | ഹോമിയോ ഡിസ്പെൻസറി കെട്ടിടനിർമാണം- പ്രോജക്ട് പൂർത്തീകരണത്തിനുവേണ്ടി വന്നത് 4 വർഷം | 3-4 |
| 23 | പുതിയ കെട്ടിടത്തിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനസജ്ജമായില്ല | 3-5 |
| 24 | തെരുവ് വിളക്കുകളുടെ പരിപാലനം-അപാകതകൾ | 3-6 |
| 25 | പ്രോജക്ട് പൂർത്തീകരിച്ചെങ്കിലും ബാങ്ക് അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു. | 3-7 |
| ഭാഗം-4 | | |
| 26 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 29 | വായ്പ /വായ്പാതിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപം | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 33 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 37 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം (പകർപ്പ്) | അനുബന്ധം-2 |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഭരണസമിതി 27.03.2017-ലെ 1-1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 214 (1) വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സെക്രട്ടറി, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ സമർപ്പിക്കുന്ന വിശദമായ എസ്റ്റിമേറ്റും നിർദേശങ്ങളും പരിഗണിച്ച് അതത് സ്റ്റാന്റിംഗ് കമ്മറ്റികൾ വിശദമായ പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചിത സമയക്രമത്തിനുള്ളിൽ ബജറ്റ് അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല. പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് 8.3.2018ന് അംഗീകാരം നേടിയിട്ടുണ്ട്. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2017-18 ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 26684563.00 |
| വരവ് | 135746901.00 |

| | |
|---|---|
| ചെലവ് | 124264794.00 |
| നീക്കിയിരിപ്പ് | 38166670.00 |

ബജറ്റ് പ്രകാരമുള്ള നികുതി വരുമാനങ്ങളുടെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യതിയാനമുണ്ട്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (ലക്ഷത്തിൽ) | ഡിമാന്റ് (കുടിശിക ഉൾപ്പടെ ലക്ഷത്തിൽ) | യഥാർത്ഥ വരവ് (കുടിശിക, മുൻകൂർ ഉൾപ്പടെ ലക്ഷത്തിൽ) |
|---|---|---|---|
| വസ്തു നികുതി | 35.00 | 103.88 | 25.76 |
| തൊഴിൽ നികുതി | 22.00 | 26.31 | 26.26 |
| വാടക | 0.96 | 0.57 | 0.57 |
| ലൈസൻസ് | 3.50 | 1.01 | 1.03 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 15.05.2018 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 മുതൽ 21.06.2018 വരെ | കെ.എസ്. എ-ഐ. ഡി. കെ.3/677/2018(26) തിയതി. 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29760880.00 |
| വരവ് | 95460055.00 |

| | |
|---|---|
| ആകെ | 125220935.00 |
| ചെലവ് | 103830909.00 |
| നീക്കിയിരിപ്പ് | 21390026.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18797000 | 18797000 | 14821932 | 3975068 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം | 0 | 35116541 | 35116541 | 28486433 | 6630108 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 646737 | 646737 | 646737 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 915000 | 915000 | 657654 | 257346 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3690000 | 3690000 | 3056510 | 633490 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 15306772 | 15306772 | 10167423 | 5139349 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 918172 | 918172 | 908527 | 9645 |
| തൊഴിലുറപ്പ് പദ്ധതി | | | | | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 31429 | 775098 | 806527 | 783430 | 23097 |
| തൊഴിലാളികളുടെ കൂലി | 0 | 15328108 | 15328108 | 15328108 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 0 | 2435600 | 2435600 | 435600 | 2000000 |
| എസ്.എസ്.എ | 5273 | 197 | 5470 | 0 | 5470 |
| ഐ.സി.ഡി.എസ് | 948472 | 1696056 | 2644528 | 1832418 | 812110 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| വിനോദ സഞ്ചാര വകുപ്പ് | 1246077 | 950000 | 2196077 | 1879313 | 316764 |

| | | | | | |
|---|---|---|---|---|---|
| പട്ടികവർഗ്ഗ വകുപ്പ് | 0 | 395000 | 395000 | 395000 | 0 |
| വിമുക്തി | 0 | 12500 | 12500 | 12500 | 0 |
| കേരളോത്സവം | 0 | 50000 | 50000 | 50000 | 0 |
| ഹരിതകേരളം | 0 | 25000 | 25000 | 25000 | 0 |
| ലൈഫ് | 0 | 5258085 | 5258085 | 0 | 5258085 |
| സംയുക്ത പ്രോജക്ടുകൾ | | | | | |
| ജില്ലാ പഞ്ചായത്ത് | 0 | 3340000 | 3340000 | 0 | 3340000 |
| ബി ഫണ്ട് | 0 | 29088323 | 29088323 | 29088323 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 14200000 | 14200000 | 14200000 | 0 |
| തനത് ഫണ്ട് | | | | | |
| ബാങ്ക് അക്കൗണ്ട്+ക്യാഷ് | 6762345 | 6359408 | 13121753 | 4793250 | 8328503 |
| ട്രഷറി അക്കൗണ്ട് | 18926014 | 14323770 | 33249784 | 33951093 | -701309 |
| മറ്റിനം | | | | | |
| ഗുണഭോക്തൃവിഹിതം | 0 | 626444 | 626444 | 552444 | 74000 |
| ഡെപ്പോസിറ്റ് | 278634 | 467278 | 745642 | 264525 | 481117 |
| വി.പി.എഫ്.എ പഴയത് | 6901 | 0 | 6901 | 0 | 6901 |
| ടോട്ടൽ സാനിറ്റേഷൻ | 619458 | 39903 | 659361 | 0 | 659361 |
| പ്ലാൻ | 936277 | 29650 | 965927 | 180000 | 785927 |

<u>കുറിപ്പ്-</u>

1. തനത് ഫണ്ട് ബാങ്ക് മുന്നിരിപ്പിൽ 7736401.00 നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 974056.00 (ഡെപ്പോസിറ്റ്-278634.00,ഐ.സി.ഡി.എസ്-695422.00)കുറവ്ചെയ്തിട്ടുണ്ട്.(7736401.00-973786.00= 6762615.00)

2. ട്രഷറി മുന്നിരിപ്പിൽ 19179064.00 നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 253050.00 (ഐ.സി.ഡി.എസ്-253050.00) കുറവ് ചെയ്തിട്ടുണ്ട്. (19179064.00-253050.00=18926014.00)

3. തനത് ഫണ്ട് ബാങ്ക് നീക്കിയിരിപ്പിൽ 10937270.00 (ബാങ്ക്-550.00+10871116.00, ക്യാഷ്-65604.00) നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 2608767.00 (ഡെപ്പോസിറ്റ്-481117.00, ഐ.സി.ഡി.എസ്-

53650.00 ഗുണഭോക്തൃവിഹിതം-74000.00, ടോട്ടൽ സാനിട്ടേഷൻ-2000000.00) കുറവ് ചെയ്തിട്ടുണ്ട്. (10937270.00-2608767.00 = 8328503.00).

4. ട്രഷറി നീക്കിയിരിപ്പിൽ 3397151.00നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 4098460.00 (ഐ.സി.ഡി.എസ്-758460.00, ജില്ലപഞ്ചായത്ത് വിഹിതം-3340000.00) കുറവ് ചെയ്തിട്ടുണ്ട്. (3397151.00-4098460.00=(-)701309.00)

5. പ്ലാൻ അക്കൗണ്ട് നീക്കിയിരിപ്പിൽ 6044012.00നിന്നും ലൈഫ് പദ്ധതിക്കായി നിക്ഷേപിച്ച 5258085.00കുറവ് ചെയ്തിട്ടുണ്ട്. (6044012-5258085.00=785927.00)

6. 28.03.2018 ന് ട്രഷറി അക്കൗണ്ടിൽ നിന്നും 26123633.00.00 രൂപ സർക്കാർ സഞ്ചിത നിധിയിലേയ്ക്ക് മാറ്റി. 9.4.2018 ന് തുക തിരികെ ലഭിച്ചു.

7. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ ജേണൽ എൻട്രി നടത്തിയതിൽ തെറ്റുള്ളതിനാൽ വാർഷിക കണക്കിലെ തുകകളുമായി മാറ്റം ഉണ്ട്.

## **1-6** വാർഷിക പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണഘട്ടം | തീയതികൾ |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 27.3.2017 |
| പദ്ധതി ആസൂത്രണ ഗ്രാമസഭകൾ | 5.4.2017-10.4.2017 |
| വികസനസെമിനാർ | 15.5.2017 |
| ഭരണ/സാമ്പത്തികാനുമതി നമ്പർ | ഭരണസമിതിയുടെ 23.06.2017ലെ<br>I-ാം നമ്പർ തീരുമാനം (അന്തിമ പദ്ധതി) |
| ജില്ലാ ആസൂത്രണസമിതി<br>അംഗീകാരം | 50/17/ഡിപിസി/ഡിപിഒ//തീയതി.23.2.2018<br>(ഭേദഗതിയുൾപ്പെട്ടുയുള്ള അന്തിമപദ്ധതി) |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | ഭരണസമിതിയുടെ 20.9.2014-ലെ<br>I(1)- നമ്പർ തീരുമാനം |

പ്ലാൻ കോ-ഓർഡിനേറ്റർ : ശ്രീ.വി.എസ്.പാൽസാമി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി

വാർഷികപദ്ധതി അടങ്കൽ-ചെലവ് സംക്ഷിപ്തം

| ഇനം | തുക |
|---|---|
| വാർഷികപദ്ധതി അടങ്കൽ | 93361573 |
| ആകെ ചെലവ് | 58976216 |

| | |
|---|---|
| ചെലവ് ശതമാനം | 63.16 |

പ്രോജക്ട് വിശദാംശങ്ങൾ

| ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം | | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|
| വിഭാഗം | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| ആകെ | 126 | 27 | 153 | 108 | 21 | 129 |

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 84

വാർഷികപദ്ധതിക്കുവേണ്ടി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ സ്രോതസ്സ് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ്സ് | വകയിരുത്തിയതുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 57646195 | 43955102 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 5947176 | 3056510 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 1657200 | 657654 |
| 14-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 12996266 | 10167423 |
| ലോകബാങ്ക് ധനസഹായം | 1249700 | 908527 |
| കേന്ദ്രാവിഷ്കൃത പരിപാടി | 700000 | 00 |
| തനതുഫണ്ട് | 723636 | 231000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 6948900 | 00 |
| മറ്റിനങ്ങൾ | 5492500 | 00 |
| ആകെ | 93361573 | 58976216 |
| ആകെ ചെലവ് ശതമാനം | 63.16 | |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിശദാംശങ്ങൾ

| നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 06 | 06 | 6805000 | 4481435 |
| വെറ്ററിനറി സർജൻ | 04 | 04 | 2324000 | 1370301 |
| മെഡിക്കൽ ഓഫീസർ(CHC) | 05 | 05 | 1090000 | 806562 |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ISM) | 02 | 02 | 30000 | 30000 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04 | 04 | 855000 | 853750 |
| വി.ഇ.ഒ. | 03 | 03 | 19863407 | 8489410 |
| ICDS സൂപ്പർവൈസർ | 07 | 05 | 4813253 | 3831401 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 14 | 12 | 9869877 | 5576616 |
| GLPS ഹെഡ് മാസ്റ്റർ | 06 | 06 | 1079000 | 837992 |
| അസി. എൻജിനിയർ | 96 | 78 | 36336536 | 23195835 |
| അസി.സെക്രട്ടറി | 06 | 04 | 10295500 | 9502914 |
| ആകെ | 153 | 129 | 93361573 | 58976216 |

പദ്ധതി ആസൂത്രണ-നിർവ്വഹണ പ്രക്രിയകളിൽ വിവിധ സമിതികളുടെ പങ്കാളിത്തം:

1) വർക്കിംഗ് ഗ്രൂപ്പുകൾ/മോണിറ്ററിംഗ് സമിതികൾ

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ വിവിധ മേഖലകളിലേക്കാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ സ്വരൂപിച്ചതായും അവ ചർച്ച ചെയ്ത് കരട് പദ്ധതിക്ക് രൂപം നൽകിയതായും മിനിട്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. എന്നാൽ പദ്ധതി നിർവ്വഹണവേളയിലെ അനിവാര്യ ഇടപെടലുകളും പുരോഗതി വിലയിരുത്തലുകളും നടത്തിയതായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമസഭകൾ

ഗ്രാമസഭകളിൽ ജനങ്ങളുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നതായി മിനിട്സ്ബുക്കിലെ ഹാജർ വിവരങ്ങളിൽ നിന്ന് വ്യക്തമാണ്. പദ്ധതി ആസൂത്രണ,ഗുണഭോക്തൃ തെരഞ്ഞെടുപ്പുയോഗങ്ങളുടെ തീരുമാനങ്ങൾ വിശദമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

3) വികസന സെമിനാർ

വികസന സെമിനാർ 15.05.2017-ൽ നടത്തിയതായ ഹാജർവിവരമൊഴികെ യാതൊരു വിവരവും മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4) സ്റ്റാന്റിംഗ് കമ്മിറ്റികൾ

ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി പ്രവർത്തനങ്ങളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിലും മറ്റു രണ്ടു സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇതു സംബന്ധിച്ച് തീരുമാനങ്ങളെന്തെങ്കിലും കൈക്കൊണ്ടതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല.

5)ഭരണസമിതി

വിവിധ തലങ്ങളിൽ നടത്തിയ വിശകലങ്ങളിലൂടെയും ചർച്ചകളിലൂടെയും രൂപം നൽകിയ അന്തിമ പദ്ധതിയ്ക്ക് സമിതി ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി. നിർവഹണത്തിലെ പുരോഗതി വിവിധ യോഗങ്ങളിൽ വിലയിരുത്തുകയും ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

6)പ്രൊക്യൂർമെന്റ് കമ്മിറ്റി

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.11.2010-ലെ ജി.ഒ(പി) 259/2010 നമ്പർ ഉത്തരവിലെ നിർദേശപ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും, അത് സർക്കാർ വിഭാവനം ചെയ്ത ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിൽ പരാജയപ്പെട്ടതിന്റെ ഉദാഹരണങ്ങൾ ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുണ്ട്.

വാർഷിക പദ്ധതി നിർവ്വഹണം

ജനസംഖ്യയിലെ ബഹുഭൂരിപക്ഷവും തോട്ടം തൊഴിലാളികളും സാമൂഹ്യവും സാമ്പത്തികവുമായ ഏറെ പിന്നിൽ നിൽക്കുന്ന പട്ടിക ജാതി, ജനവിഭാഗങ്ങളുമാണെങ്കിലും അവരുടെ സർവ്വതോന്മുഖമായ വികസനം സാർത്ഥമാക്കുന്ന സമഗ്രമായ ഒരു വികസനപരിപ്രേക്ഷ്യം തയ്യാറാക്കുവാൻ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കാലയളവിലും 13-ാം പദ്ധതിയുടെ ആദ്യവർഷവും ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടില്ലായെന്നത് വസ്തുതയാണ്. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. സേവന , പശ്ചാത്തലമേഖലകളിൽ നടപ്പാക്കിയ ഏതാനും പ്രോജക്ടുകളിലൂടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ കഴിഞ്ഞുവെങ്കിലും പഞ്ചായത്തിന്റെ സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ലായ വിനോദസഞ്ചാര-കാർഷിക മേഖലകളുടെ സ്ഥായിയായ പുരോഗതിക്കുതകുന്ന പ്രോജക്ടുകൾ ആവിഷ്ക്കരിക്കാതിരുന്നത് പ്രോജക്ട് നടത്തിപ്പിലെ പരാജയമായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് വർഷങ്ങളിലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രസക്തമായ വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്.
- ആകെ ആസൂത്രണം ചെയ്ത 153 പ്രോജക്ടുകളിൽ 129 എണ്ണം നടപ്പാക്കാൻ കഴിഞ്ഞു.
- ഗ്രാമപഞ്ചായത്തിലെ ഏകദേശം ആയിരം ഏക്കർ പ്രദേശത്ത് പച്ചക്കറി കൃഷി ചെയ്തു വരുന്നു. പച്ചക്കറിക്കൃഷി വികസനത്തിന് പ്രത്യേക ഊന്നൽ നൽകി 44 ലക്ഷം രൂപയുടെ പ്രോജക്ടുകൾ നടപ്പാക്കിയെങ്കിലും

ഉത്പ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾക്ക് മെച്ചപ്പെട്ട വിപണി ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാത്തത് പദ്ധതി നിർവഹണത്തിന്റെ ശോഭ കെടുത്തുന്നു. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന എക്കോ ഷോപ്പിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് കർഷകർക്ക് അവരുടെ വിളകൾക്ക് അർഹമായ വില ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

- ആരോഗ്യമേഖലയിൽ 3 വിഭാഗം മെഡിക്കൽ ഓഫീസർമാരുടെ പ്രോജക്ടുകളിലൂടെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കി.
- ഭവന നിർമാണ മേഖലയിൽ ഏറ്റെടുത്ത 2 പ്രോജക്ടുകളിലൂടെ 109 ഗുണഭോക്താക്കൾക്ക് അവരുടെ മുടങ്ങിക്കിടന്ന ഭവനനിർമാണം പുനരാരംഭിക്കുവാൻ അവസരമൊരുങ്ങി. എന്നാൽ ധനസഹായം കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ ഇപ്പോഴും അത് പൂർത്തീകരിച്ചിട്ടില്ലായെന്നത് മോണിട്ടറിംഗ് സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്.
- സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി 96 ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായം അനുവദിച്ച നടപടി പ്രശംസനീയമാണ്.
- പട്ടികജാതി വിഭാഗത്തിൽപ്പെട്ട 141 കുട്ടികൾക്ക് ലാപ്ടോപ്പും 241കുട്ടികൾക്ക് സൈക്കിളുകളും നൽകിയതു വഴി അവരുടെ പഠനാഭിമുഖ്യം വർദ്ധിപ്പിക്കുവാൻ ശ്രമമുണ്ടായി.
- പശ്ചാത്തലമേഖലയിൽ 64റോഡുകളിലെ വിവിധ റീച്ചുകളുടെ കോൺക്രീറ്റിംഗ് , 3 എണ്ണത്തിന്റെ ടാറിംഗ്, 4 അംഗൻവാടികളുടെ നവീകരണം , 2 സ്കൂളുകൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, പഞ്ചായത്ത് ഓഫീസ് തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ എന്നിവ നടത്തി.
- വിനോദസഞ്ചാരമേഖലയിലെ അനന്ത സാധ്യതകൾ വിനിയോഗിക്കുവാൻ പര്യാപ്തമായ പ്രോജക്ടുകൾ ആവിഷ്കരിക്കപ്പെട്ടിട്ടില്ല.
- ഘടക സ്ഥാപനങ്ങളുടെ നവീകരണത്തിന് വിനിയോഗിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് വിഹിതത്തിനുപകരം വികസനനിധിയിലെ പൊതുവിഭാഗം ഫണ്ടുപയോഗിച്ച് പ്രവൃത്തികൾ നടപ്പാക്കിയത് ആസൂത്രണപ്രക്രിയയിലെ ഗുരുതരമായ പിഴവായി.

## 1-7 <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 31429 | 775098 | 806527 | 783430 | 23097 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15328108 | 15328108 | 15328108 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാപെൻഷൻ | 7315100 | 584 |
| വാർദ്ധക്യകാലപെൻഷൻ | 19386700 | 1466 |
| വികലാംഗപെൻഷൻ | 2381900 | 181 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2018ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 765.00 നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മുൻ മാസത്തെ വരവ് ചെലവുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കൃത്യമായ ഇടപെടൽ നടത്തിയിട്ടില്ല. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർദേശങ്ങൾ നൽകിയെങ്കിലും തുടർ നടപടികൾ സ്വീകരിച്ചില്ല. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എല്ലാ മാസവും നിർദേശങ്ങൾ നൽകിയിട്ടുണ്ട്. പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

തെരുവ് വിളക്കുകൾ, പൊതുടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. പഞ്ചായത്തിലെ വിവിധ ക്ലെയിമുകൾ വിവിധ തലങ്ങളിലുള്ള വിശദ പരിശോധന നടത്താതെയാണ് പാസാക്കുന്നത്. ഉദാഹരണത്തിന് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുടിശിക തീർപ്പാക്കിയിട്ടും പരിശോധന നടത്താതെ വീണ്ടും ഒടുക്കി.

ആസ്തി രജിസ്റ്റർ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, ഡി.സി.ബി രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സർക്കാർ നിർദേശത്തിനനുസൃതമായി പരിപാലിക്കുന്നില്ല. ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് നടക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ വരവുകൾ അതത് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തിനാൽ ഓരോ ശീർഷകത്തിലെയും കൃത്യമായ വരവുകൾ രജിസ്റ്ററുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന് രജിസ്റ്റർ പ്രകാരം തൻവർഷ വാടക വരവ്

54530.00 രൂപയാണ്. എന്നാൽ, വാർഷിക കണക്കിൽ തൻവർഷ വരവ് 23353.00 രൂപ മാത്രമാണ്. 31177 രൂപ കുടിശിക വരവായാണ് പോസ്റ്റ് ചെയ്തത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.10.2018 | 2018 ഒക്ടോബർ വരെ | 5.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.3.2015 | 2009-10 മുതൽ 2013-14 വരെ | 28.5.2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

29.8.2018 ന് പുറപ്പെടുവിച്ച കെ.എസ്.എ-ഐ.ഡി.കെ.3/677/2018(26) തിയതി. 2017-18 വാർഷിക കണക്കുകളിലെ സാക്ഷ്യപത്രത്തിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. ഓഡിറ്റ് വേളയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ കൊടുക്കുന്നു.

* രജിസ്റ്റർ പ്രാകരം തൻവർഷ വാടക വരവ് 54530.00 രൂപയാണ്. എന്നാൽ, വാർഷിക കണക്കിൽ തൻവർഷ വരവ് 23353.00 രൂപ മാത്രമാണ്. 31177 രൂപ കുടിശിയ വരവായിട്ടാണ് പോസ്റ്റ് ചെയ്തിട്ടുള്ളത്.

* വിവിധ സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾക്കും സംഭാവനകൾക്കും സാംഖ്യയിൽ വരവാക്കുമ്പോൾ കൃത്യമായ വിവരണം നൽകുന്നില്ല. ഉദാഹരണത്തിന് ലൈഫ് പദ്ധതിയ്ക്കായി ജില്ല പഞ്ചായത്തിൽ നിന്നും ലഭിച്ച 3340000.00 രൂപയ്ക്ക് വിവരണം നൽകാതെയാണ് വരവാക്കിയിട്ടുള്ളത്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഉപയോഗക്രമത്തിനനുസൃതമായി വസ്തു നികുതി നിർണയിച്ചിട്ടില്ല

ഹോംസ്റ്റേകളുടെയും റിസോർട്ടുകളുടെയും 2017-18 സാമ്പത്തികവർഷത്തെ പ്രവർത്തനാനുമതി അപേക്ഷകളിലെ കെട്ടിട നമ്പരുകൾ സഞ്ചയ അസസ്മെന്റ് രജിസ്റ്ററുമായി പരിശോധിച്ചതിൽ, അവ ഇതര ആവശ്യങ്ങൾക്ക് നികുതി നിർണയിക്കപ്പെട്ടവയാണെന്ന് കാണുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് 8 രൂപയും അസംബ്ലി ഹാളിന് 40 രൂപയും ഹോംസ്റ്റേയ്ക്ക് 60 രൂപയും റിസോർട്ടിന് 90 രൂപയുമാണ് ചതുരശ്ര മീറ്ററിന് നിജപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വസ്തു നികുതി. എന്നാൽ ഓരോ കെട്ടിടത്തിനും ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി നിർണയിക്കാത്തതിനാൽ വസ്തുനികുതിയിൽ

കുറവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | വാർഡ്/നം: | ലൈസൻസ് അപേക്ഷ പ്രകാരമുള്ള ഉപയോഗക്രമം | സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 1 | ജോൺസൻ സെൽവമണി, ദേവികുളം | 12/411,412 | റിസോർട്ട് | അസംബ്ലി ഹാൾ |
| 2 | ജോൺസൻ സെൽവമണി, ദേവികുളം | 12/413 | റിസോർട്ട് | പാർപ്പിടം |
| 3 | ആർ ഗിരിജ, നന്ദനം ഹോംസ്റ്റേ, ദേവികുളം | 12/325 | ഹോംസ്റ്റേ | അസംബ്ലി ഹാൾ |
| 4 | ജോളി ജോബ്, സ്പ്രിംഗ് ഡേൽ റിസോർട്ട്, ദേവികുളം | 12/73 | റിസോർട്ട് | അസംബ്ലി ഹാൾ |
| 5 | ജോളി ജോബ്, സ്പ്രിംഗ് ഡേൽ റിസോർട്ട്, ദേവികുളം | 12/74,75 | റിസോർട്ട് | പാർപ്പിടം |
| 6 | ബിനു പൗലോസ്, ചെമ്പകത്തുകുടിയിൽ, ക്ലബ്-9, ദേവികുളം | 12/474-490 | റിസോർട്ട് | അസംബ്ലി ഹാൾ |
| 7 | മായാ രാജേഷ്, പവിത്രം ഹോംസ്റ്റേ, ദേവികുളം | 12/402 | ഹോംസ്റ്റേ | അസംബ്ലി ഹാൾ |
| 8 | ബിക്കി മാമ്മൻ, ദേവികുളം | 12/354 | ഹോംസ്റ്റേ | അസംബ്ലി ഹാൾ |
| 9 | ബിക്കി മാമ്മൻ, ദേവികുളം | 12/355,356 | ഹോംസ്റ്റേ | പാർപ്പിടം |
| 10 | പി. മുരുകൻ, ദേവികുളം, സൂര്യ ഹോംസ്റ്റേ, ദേവികുളം | 12/286 | ഹോംസ്റ്റേ | പാർപ്പിടം |
| 11 | ബി.ആർ മേനോൻ & കെ.എ.മുഹമ്മദ് അലി, നൂർഗിരി റിസോർട്ട്സ്, കുണ്ടള | 2/389 | റിസോർട്ട് | പാർപ്പിടം |
| 12 | ബി.ആർ മേനോൻ & കെ.എ.മുഹമ്മദ് അലി, നൂർഗിരി റിസോർട്ട്സ്, കുണ്ടള | 2/390 | റിസോർട്ട് | വാണിജ്യം |

| | | | | |
|---|---|---|---|---|
| 13 | കെ.മുത്തുരാജ്കുമാർ | 12/132 | ഹോംസ്റ്റേ | അസംബ്ലി ഹാൾ |

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ ശുദ്ധീകരണ പ്രക്രിയ നടക്കുന്നതിനാൽ കെട്ടിങ്ങളുടെ യഥാർത്ഥ തറ വിസ്തീർണം നിർണ്ണയിക്കുന്നതിന് സാധിക്കുന്നില്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് അതത് ഉപയോഗക്രമത്തിനനുസരിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സഞ്ചയ ഡേറ്റാബേസ് പരിശോധിച്ച് ഉപയോഗക്രമം മാറി നികുതി നിർണ്ണയം നടത്തിയിട്ടുള്ള മറ്റു കെട്ടിടങ്ങളുടെയും നികുതി പുനർനിർണയിക്കേണ്ടതാണ്.

## **2-2** വസ്തു നികുതി-**76.68** ലക്ഷം കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകൾ പ്രകാരം ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശിക 319,876 രൂപയും ഗാർഹികേതര കെട്ടിടങ്ങളുടേത് 73,48,468 രൂപയുമാണ്. ഓഡിറ്റ് വേളയിൽ ഹാജരാക്കിയ സഞ്ചയ ഡിമാന്റ്-കളക്ഷൻ-ബാലൻസ് റിപ്പോർട്ട് പ്രകാരം കുടിശ്ശിക യഥാക്രമം 242,952 /-രൂപയും 13,56,315/- രൂപയും മാത്രമാണ്. കണക്കുകളിലെ പൊരുത്തക്കേട് വിശദീകരിക്കപ്പെട്ടിട്ടില്ല. 2017-18 സാമ്പത്തിക വർഷം വരെ ഗണ്യമായ തുക കുടിശിക വരുത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു(സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള 2018-19ലെ കുടിശിക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ളത്).

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് | ഉപയോഗക്രമം | 31.3.2018 ലെ കുടിശിക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 8/397 | മാനേജർ, കെ.ഡി.എച്ച്.പി, മൂന്നാർ | ഓഫീസ് | 12995 | 2014-15 മുതൽ |
| 2 | 11/14 | എം.ഡി, കെ.ഡി.എച്ച്.പി, മൂന്നാർ | ഓഫീസ് | 10010 | 2014-15 മുതൽ |
| 3 | 12/690 | ആർ.ഡി.ഒ, ദേവികുളം | ഓഫീസ് | 90880 | 2013-14 മുതൽ |

| | | | | | |
|---|---|---|---|---|---|
| 4 | 12/682 | തഹസിൽദാർ, ദേവികുളം | ഓഫീസ് | 54100 | 2015-16 മുതൽ |
| 5 | 12/2 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ദേവികുളം | ഓഫീസ് | 44675 | 2013-14 മുതൽ |
| 6 | 12/594 | ഡി.എഫ്.ഒ, ദേവികുളം | ഓഫീസ് | 33705 | 2012-13 മുതൽ |
| 7 | 12/9 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ദേവികുളം | ഓഫീസ് | 32370 | 2012-13 മുതൽ |
| 8 | 12/680 | തഹസിൽദാർ, ദേവികുളം | ഓഫീസ് | 31790 | 2013-14 മുതൽ |
| 9 | 12/465 | എം.ജോൺ മാത്യു, ദേവികുളം | അസംബ്ലി ഹാൾ | 31755 | 2013-14 മുതൽ |
| 10 | 12/1 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ദേവികുളം | ഓഫീസ് | 27430 | 2012-13 മുതൽ |
| 11 | 12/691 | ആർ.ഡി.ഒ, ദേവികുളം | ഓഫീസ് | 25515 | 2013-14 മുതൽ |
| 12 | 12/6 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ദേവികുളം | ഓഫീസ് | 23835 | 2013-14 മുതൽ |
| 13 | 12/686 | സ്പെഷ്യൽ ഓഫീസർ, ദേവികുളം | ഓഫീസ് | 22680 | 2016-17 മുതൽ |
| 14 | 12/94 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി.ഡബ്ല്യു.ഡി, ദേവികുളം | ഓഫീസ് | 20635 | 2012-13 മുതൽ |

| | | | | | |
|---|---|---|---|---|---|
| 15 | 12/681 | തഹസിൽദാർ, ദേവികുളം | ഓഫീസ് | 19530 | 2012-13 മുതൽ |
| 16 | 12/567 | എസ്.ഗോമതിയമ്മാൾ, ദേവികുളം | ഓഫീസ് | 17770 | 2013-14 മുതൽ |
| 17 | 12/678 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി.ഡബ്ല്യൂ.ഡി, ദേവികുളം | ഓഫീസ് | 17485 | 2012-13 മുതൽ |
| 18 | 12/688 | ദി കോമർസിയൽ ടാക്ക്സ് ഓഫീസ്, ഇന്റലിജൻസ് ആഫീസ്,ദേവികുളം | ഓഫീസ് | 17010 | 2013-14 മുതൽ |
| 19 | 12/679 | എസ്.പി, ഇടുക്കി | ഓഫീസ് | 16065 | 2013-14 മുതൽ |
| 20 | 12/30 | അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് സബ് സെക്ഷൻ, മൂന്നാർ, | പാർപ്പിടം | 15720 | 2013-14 മുതൽ |
| 21 | 12/3 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ, ഫോറസ്റ്റ് റേഞ്ച് ഓഫീസ്, ദേവികുളം | ഓഫീസ് | 15485 | 2013-14 മുതൽ |
| 22 | 12/630 | രാജേശ്വരി ശേഷാദ്രി, ദേവികുളം | ഓഫീസ് | 11642 | 2014-15 മുതൽ |
| 23 | 12/568 | എസ്.ഗോമതിയമ്മാൾ, ദേവികുളം | ഓഫീസ് | 11151 | 2013-14 മുതൽ |
| 24 | 12/95 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൻ.എച്ച് സെക്ഷൻ, ദേവികുളം | ഓഫീസ് | 11105 | 2013-14 മുതൽ |
| 25 | 12/716 | അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, | പാർപ്പിടം | 10635 | 2013-14 |

| | | | | | |
|---|---|---|---|---|---|
| | | പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സബ് സെക്ഷൻ, മൂന്നാർ | | | മുതൽ |
| 26 | 16/428 | എംഡി, ടാറ്റ ടീ ലിമിറ്റഡ്, മാട്ടുപ്പെട്ടി ടോപ് ഡിവിഷൻ, മാട്ടുപ്പെട്ടി | ഓഫീസ് | 257406 | 2017-18 മുതൽ |
| 27 | 16/431 | എം.ഡി, ടാറ്റാ ടീ ലിമിറ്റഡ്, മാട്ടുപ്പെട്ടി | ഓഫീസ് | 144385 | 2014-15 മുതൽ |
| 28 | 16/344 | എം.ഡി, ടാറ്റ ടീ ലിമിറ്റഡ്, മാട്ടുപ്പെട്ടി ടോപ് ഡിവിഷൻ, മാട്ടുപ്പെട്ടി | ഓഫീസ് | 19075 | 2013-14 മുതൽ |
| 29 | 16/414 | എം.ഡി, ടാറ്റ ടീ ലിമിറ്റഡ്, മാട്ടുപ്പെട്ടി ടോപ് ഡിവിഷൻ, മാട്ടുപ്പെട്ടി | ഓഫീസ് | 11210 | 2012-13 മുതൽ |

കുടിശികക്കാരായ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(15), 209ഇ വകുപ്പുകൾ പ്രകാരമുള്ള പിഴപ്പലിശ സഹിതം വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സഞ്ചയ-സാംഖ്യ സോഫ്റ്റ് വെയറുകളിലെ വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസുകളുടെ വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതുമാണ്.

## 2-3 <u>ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.</u>

ചുവടെ നൽകിയിട്ടുള്ള പട്ടികകളിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൻവർഷം ഈടാക്കിയിട്ടില്ല.

<u>(എ) ജീവനക്കാരുടെ തൊഴിൽ നികുതി</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | അസ്സിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ദേവികുളം | 2 |
| 2 | ഗവൺമെന്റ് സെർവന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ദേവികുളം | 1,2 |
| 3 | ഔട്ട് വേ ഹിൽസ് റിസോർട്ട്. | 1,2 |
| 4 | ജേയ്സ് ഹോം സ്റ്റേ | 1,2 |

| | | |
|---|---|---|
| 5 | നന്ദനം ഹോം സ്റ്റേ | 1,2 |
| 6 | സ് പ്രിംഗ് വാലി റിസോർട്ട് | 1,2 |
| 7 | ജോൺസ് അവന്യൂ, ഹോം സ്റ്റേ | 1,2 |
| 8 | ക്ലബ് 9, റിസോർട്ട് | 1,2 |
| 9 | പവിത്രം ഹോം സ്റ്റേ | 1,2 |
| 10 | മിസ്റ്റി ഹിൽസ് റിസോർട്ട് | 1,2 |
| 11 | വിന്റർ കാസിൽ റിസോർട്ട് | 1,2 |
| 12 | കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ,ദേവികുളം ശാഖ | 1,2 |
| 13 | ലോക്ക് ഹാർട്ട് റിസോർട്ട് | 1,2 |

(ബി) സ്ഥാപന തൊഴിൽ നികുതി

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ദേവികുളം | 1,2 |
| 2 | ഹേർട്ട് ഓഫ് മൂന്നാർ റിസോർട്ട് | 1,2 |
| 3 | എസ്. ബി. ഐ, ദേവികുളം ശാഖ | 1,2 |
| 4 | കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (റോസ് ഗാർഡൻ) മൂന്നാർ | 1,2 |
| 5 | കാർമ്മലഗിരി റെസ്റ്റോറന്റ് | 1,2 |
| 6 | കാർമ്മലഗിരി ബൊട്ടാണിക്കൽ ഗാർഡൻ | 1,2 |

നികുതി പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾ തൻവർഷം ഡി&ഒ ട്രേഡ് ലൈസൻസ് എടുത്തിട്ടില്ല.

1. കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മൂന്നാർ(റോസ് ഗാർഡൻ)
2. കാർമ്മലഗിരി റെസ്റ്റോറന്റ്
3. കാർമ്മലഗിരി ബൊട്ടാണിക്കൽ ഗാർഡൻ
4. ഹാർട്ട് ഓഫ് മൂന്നാർ റിസോർട്ട്

പ്രസ്തുത സ്ഥാപനങ്ങൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-5 വാടക കുടിശിക ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കുത്തകക്കാരായ താഴെപ്പറയുന്ന വ്യക്തികൾ തൻവർഷത്തെ വാടക തുക നാളിതുവരെ ഒടുക്കിയിട്ടില്ല.(വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.)

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നം | പ്രതിമാസ വാടക | കുടിശ്ശികയുടെ കാലയളവ് | കുടിശിക തുക |
|---|---|---|---|---|---|
| 1 | അക്കാമൽ, ചൊക്കനാട് എസ്റ്റേറ്റ് | 7 | 1271 | 04/17-03/18 | 15252 |
| 2 | എ രാമരാജ് S/o നാഗമുത്തു | 3 | 274 | 04/17-03/18 | 3288 |

കുടിശ്ശിക്കകാരിൽ നിന്നും വാടക പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 വിനോദനികുതി നഷ്ടപരിഹാരവിഹിതം ലഭിക്കുവാൻ നടപടികളായില്ല

01.07.2017 പ്രാബല്യത്തിൽ ജി.എസ്.ടി നിലവിൽ വന്നതോടെ പ്രാദേശിക സർക്കാരുകൾ ഈടാക്കി വന്നിരുന്ന വിനോദനികുതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 24.6.2017-ലെ ജി.ഒ(എംഎസ്) 123/2017 നമ്പർ ഉത്തരവുപ്രകാരം ഒഴിവാക്കി. ടിയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം പിരിച്ച തുകയുടെ ആനുപാതികമായ തുക നഷ്ടപരിഹാരമായി നൽകുവാൻ സർക്കാർ തീരുമാനിച്ചതനുസരിച്ച് ധനകാര്യവകുപ്പിന്റെ 31.10.2018-ലെ ജി.ഒ.(ആർടി ) 8957/2018 നമ്പർ ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2015-16 -ൽ പിരിച്ച തുകയും 15 ശതമാനം അധികവും ചേർന്ന തുകയാണ് അനുവദിച്ചത്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ " സൺ മൂൺ വാലി “ എന്ന പേരിൽ കെ.എസ്.ഇ.ബിയുടെയും ഡി.റ്റി.പി.സി.യുടെയും ഹൈഡൽ തീംപാർക്കും അഡ്വഞ്ചർ പാർക്കും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവരിൽനിന്ന് വിനോദനികുതി പിരിച്ചതിന്റെ കണക്കുകൾ സർക്കാർ ശ്രദ്ധയിൽപ്പെടുത്താതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടപരിഹാരത്തുക ലഭിച്ചില്ല. വേണ്ട രീതിയിൽ തുടർന്നടപടികൾ സ്വീകരിക്കാത്തപക്ഷം ഭാവിയിലും പ്രസ്തുത നഷ്ടം തുടരാനാണ് സാധ്യത. 1961- ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്മെന്റ് ടാക്സ് ആക്ട് സെക്ഷൻ, 2[9][3B](1) പ്രകാരം കാറ്റഗറി എ വിഭാഗത്തിൽപ്പെടുന്ന പ്രസ്തുത സ്ഥാപനം 3 ലക്ഷം മുതൽ 6 ലക്ഷം രൂപ വരെ പ്രതിവർഷം നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനമാണ്.(കാറ്റഗറി എ- മൂന്നുകോടി രൂപ വരെ മൂലധന നിക്ഷേപവും രണ്ട് ഏക്കറിൽ താഴെ സ്ഥല വിസ്തീർണവുമുള്ള സ്ഥാപനങ്ങൾ). പ്രസ്തുത വിവരം സർക്കാർ ശ്രദ്ധയിൽപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാരിൽ നിന്ന് വിനോദനികുതി നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി , ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനോദ സഞ്ചാരമേഖലയിലെ സാധ്യതകൾ അനന്തം,വിഭവശേഷി ചൂഷണം ചെയ്യാൻ നടപടികളില്ല

ലോക വിനോദസഞ്ചാര ഭൂപടത്തിൽ പ്രത്യേക ഇടം കണ്ടെത്തിയ ഭൂപ്രദേശമാണ് മൂന്നാർ മേഖലയിൽ ഉൾപ്പെട്ട ദേവികുളം. മാട്ടുപ്പെട്ടി ഡാം, എക്കോ പോയിന്റ്, കുണ്ടള ഡാം , ടോപ്പ് സ്റ്റേഷൻ, തനതായ കൃഷിത്തോട്ടങ്ങൾ തുടങ്ങിയവ തദ്ദേശീയരും വിദേശികളുമായ വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്നു. ഓരോ വർഷവും എത്തുന്ന സഞ്ചാരികളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടാകുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിന് ഇതിലൂടെ യാതൊരു വരുമാനവും കരസ്ഥമാക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ കമ്പനി ഈ മേഖലയിലെ സർക്കാർ ഭൂമി മുഴുവൻ പാട്ടത്തിനെടുത്തിരിക്കുന്നതിനാൽ സ്വന്തമായി ഭൂമി ലഭിക്കാത്തതാണ് വരുമാന സ്രോതസുകൾ സജ്ജീകരിക്കാത്തതിന് കാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നത്. ഗ്രാമപഞ്ചായത്ത് കാര്യാലയം പോലും മാട്ടുപ്പെട്ടി ജംഗ്ഷനിലെ ഒരു ബസ് സ്റ്റോപ്പ് പരിവർത്തനം ചെയ്താണ് നിർമിച്ചിരിക്കുന്നത്. 2005-ൽ രൂപീകൃതമായ ഗ്രാമപഞ്ചായത്തിന് ഓഫീസ് കെട്ടിട നിർമാണത്തിന് ദേവികുളം കെഡിഎച്ച് വില്ലേജിലെ സർവേ നമ്പർ 926-ൽപ്പെട്ട 50 സെന്റ് സ്ഥലം വിട്ടുനൽകാൻ 21.10.2009-ൽ ടാറ്റാ കമ്പനി സമ്മതം അറിയിച്ചിരുന്നു. തദനുസരണം ഭൂമി അളന്നു തിട്ടപ്പെടുത്തി പതിച്ചു ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുവെങ്കിലും ഒൻപതു വർഷങ്ങൾക്കിപ്പുറവും നടപടികൾ ഫയലിന്റെ വലിപ്പം വർദ്ധിപ്പിക്കുന്നതിൽ മാത്രം ഒതുങ്ങിയ അവസ്ഥയിലാണ്. ഇതു സംബന്ധിച്ച ഹർജികൾ തീർപ്പാക്കുന്നതിലെ അനന്തമായ കാലവിളംബം ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യങ്ങൾക്ക് ഏറെ ഹാനി വരുത്തുന്നു. ശുഷ്കമായ വരുമാന സ്രോതസുകളും ശമ്പളമുൾപ്പടെയുള്ള റവന്യൂ ചെലവുകളിലെ കുതിച്ചു ചാട്ടവും പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്ന പക്ഷം വിനോദസഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങളായ വണ്ടിത്താവളം, ശുചിത്വ സമുച്ചയം, ലഘുഭക്ഷണ ശാല ഒപ്പം തന്നെ തനതു കാർഷിക വിളകളുടെ വിപണന കേന്ദ്രം തുടങ്ങിയവയും സജ്ജീകരിക്കാൻ കഴിയുന്നതാണ്. അതിലൂടെ ഗ്രാമപഞ്ചായത്തിനു മെച്ചപ്പെട്ട വരുമാന സ്രോതസും പ്രദേശത്തെ ജനങ്ങൾക്ക് പ്രത്യക്ഷവും പരോക്ഷവുമായി തൊഴിൽ ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കാനും കഴിയും. സ്ഥലം വിട്ടുകിട്ടുന്നതിലെ നിയമതടസ്സങ്ങൾ സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽ എത്തിച്ച് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ വികസന സാധ്യത ഉറപ്പു വരുത്തേണ്ടതാണ്. ഇച്ഛാശക്തിയോടെയുള്ള തുടർപ്രവർത്തനങ്ങൾക്കായി വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 കമ്പ്യൂട്ടർ വാങ്ങലുകൾ -കേന്ദ്രീകൃത വാങ്ങൽ സമ്പ്രദായം അനുവർത്തിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെയും വിവിധ ഘടകസ്ഥാപനങ്ങളുടെയും ഉപയോഗത്തിനായി കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് 08 പ്രോജക്ടുകളാണ് തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയത്. വിവിധ നിർഹണ ഉദ്യോഗസ്ഥർ അവരവരുടെ ഓഫീസ് ആവശ്യത്തിന് വേണ്ടതായ ഉപകരണങ്ങൾ പ്രത്യേകം പ്രത്യേകം വാങ്ങുന്ന

രീതിയാണ് അനുവർത്തിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ,പേര് | നിർവഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|
| എസ്077/18, കൃഷി ഓഫീസിന് കമ്പ്യൂട്ടർ | കൃഷി ഓഫീസർ | 70400 | വികസന ഫണ്ട് |
| എസ്058/18 വെറ്ററിനറി ഡിസ്പെൻസറിക്ക് കമ്പ്യൂട്ടർ | വെറ്ററിനറി സർജൻ | 48800 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് |
| എസ്069/18 ആയുർവേദാശുപത്രിക്ക് കമ്പ്യൂട്ടർ | ആയുർവേദ മെഡിക്കൽ ഓഫീസർ | 59200 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് |
| എസ്162/18 വി.ഇ.ഒ. ഓഫീസിന് കമ്പ്യൂട്ടർ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 47900 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് |
| എസ്167/18 എ.ഇ ഓഫീസിലേക്ക് കമ്പ്യൂട്ടർ യുപിഎസ്,പ്രിന്റർ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 73250 | വികസന ഫണ്ട് |
| എസ് 166/18 ഫ്രണ്ട് ഓഫീസിന് പ്രിന്റർ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 14900 | വികസന ഫണ്ട് |
| എസ്079/18 ദേവികുളം ജിഎൽപിഎസ് സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ | ഹെഡ്മാസ്റ്റർ ജി.എൽ.പിഎസ് | 179250 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് |
| എസ്117/18 എസ്.സി കുട്ടികൾക്ക് ലാപ്ടോപ്പ് | അസി. സെക്രട്ടറി | 3285300 | വികസന ഫണ്ട് |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാങ്ങൽ പ്രക്രിയകൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്, തദ്ദേശസ്വയംഭരണവകുപ്പിന്റെ 08.11.2010-ലെ ജി.ഒ.(പി)259/2010 നമ്പർ ഉത്തരവിലൂടെ സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗരേഖ അവലംബമാക്കി, ആവശ്യകത നിർണയിച്ച് കമ്പ്യൂട്ടർ സാമഗ്രികൾ ഒന്നായി ഓപ്പൺ ടെൻഡറിംഗ് മുഖേന വാങ്ങുന്ന പക്ഷം കരാറിൽ മത്സരസ്വഭാവം ഉറപ്പാക്കുവാൻ കഴിയുമായിരുന്നു. അതിനുപകരം ലിമിറ്റഡ് ടെൻഡറിംഗ് വഴി ഓരോ നിർവഹണ ഉദ്യോഗസ്ഥനും സ്വന്തമായി പദ്ധതി നടപ്പാക്കിയതു വഴി വ്യാപകമായ പരസ്യവും തദ്വാരാ മെച്ചപ്പെട്ട വിലക്കുറവിൽ സാധനം ലഭിക്കുവാനുള്ള അവസരവും പാഴാക്കി. ഒരേ സ്പെസിഫിക്കേഷനുള്ള കമ്പ്യൂട്ടറാണ് എല്ലാവരും വാങ്ങിയിട്ടുള്ളതെങ്കിലും

വിതരണക്കാർ വ്യത്യസ്തരായതിനാൽ വ്യത്യസ്ത വിലയാണ് ഓരോന്നിനും നൽകേണ്ടി വന്നത്. പദ്ധതി നിർവഹണത്തിലെ ഗൗരവമായ വീഴ്ചയായി പ്രസ്തുത വാങ്ങൽ നടപടിയെ ഓഡിറ്റ് വിലയിരുത്തുന്നു. വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ 12.05.2015-ലെ 13/2015 നമ്പർ ഉത്തരവനുസരിച്ച്, 500000/-രൂപയിലധികരിക്കുന്ന വാങ്ങലുകൾക്ക് ഇ-പ്രൊക്യൂർമെന്റ് സംവിധാനം നിർബന്ധമാക്കിയിരുന്നു. പ്രസ്തുത ഉത്തരവ് മറികടക്കുന്നതിനാണ് ഇത്തരം നടപടികൾ സ്വീകരിച്ചതെന്ന് അനുമാനിക്കേണ്ട സാഹചര്യമാണുള്ളത്. പൊതു സമാഹരണ നടപടികൾ സുതാര്യവും അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിന് സർക്കാർ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ കർശനമായി പ്രയോജനപ്പെടുത്തി പൊതുധനത്തിന്റെ പക്വമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-3 ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് മെയിന്റനൻസ് ഗ്രാന്റിനു പകരം വികസന ഫണ്ട് വകയിരുത്തി

കൈമാറിക്കിട്ടിയവ ഉൾപ്പടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമായാണ് സംസ്ഥാന സർക്കാരിന്റെ തനതു നികുതി വരുമാനത്തിന്റെ 5.5% മെയിന്റനൻസ് ഗ്രാന്റായി അനുവദിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.12.2004-ലെ ജി.ഒ(എംഎസ്) 330/2004 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിന്റെ നടപടിക്രമങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. തദനുസരണം അടുത്ത സാമ്പത്തികവർഷത്തേക്കുള്ള മെയിന്റനൻസ് പ്ലാൻ പ്രത്യേകം തയ്യാറാക്കി പ്രസ്തുത ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കേണ്ടതാണ്. സ്പിൽ ഓവർ പ്രോജക്ടുകൾക്കുൾപ്പടെ 6732700/-രൂപയായിരുന്നു റോഡിതര വിഭാഗം മെയിന്റനൻസ് ഗ്രാന്റിന്റെ തൻവർഷത്തെ ബജറ്റ് അലോക്കേഷൻ. പ്രസ്തുത തുക വകയിരുത്തി പ്രോജക്ട് ആസൂത്രണം ചെയ്യുന്നതിനു പകരം ഘടകസ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിന് തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകൾക്ക് വികസന ഫണ്ടിൽനിന്നാണ് അടങ്കൽ നിശ്ചയിച്ചത്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം,പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | എസ്077/18 കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ | 80000 | 70400 |
| 2 | എസ്167/18 അസി.എൻജിനിയറുടെ ഓപീസിലേക്ക് കമ്പ്യൂട്ടർ , അനുബന്ധ ഉപകരണങ്ങൾ | 75000 | 73250 |
| 3 | എസ്149/18 ഹോമിയോ ഡിസ്പെൻസറിയ്ക്ക് കെട്ടിടനിർമാണം | 253904 | 156448 |
| 4 | എസ്158/18ആയുർവേദ ഡിസ്പെൻസറിയ്ക്ക് ചുറ്റുമതിൽ | 261844 | 234878 |
| 5 | എസ്171/18 സാന്റോസ് കോളനി അംഗൻവാടി മേൽക്കൂര മാറ്റൽ | 200000 | 127594 |

| | | | |
|---|---|---|---|
| | ആകെ | 870748 | 662570 |

വാർഷിക പദ്ധതിക്കായി മെയിന്റനൻസ് ഗ്രാന്റ് റോഡിതരവിഭാഗത്തിൽനിന്ന് വകയിരുത്തിയ 59,47,176/- രൂപയിൽ കേവലം 30,56510/- രൂപ മാത്രമാണ് വിവിധ പ്രോജക്റ്റുകൾക്കായി വിനിയോഗിച്ചത്. ചെലവു ശതമാനം 51 ശതമാനം മാത്രം. ലഭ്യമായ ഗ്രാന്റിൽ പകുതിയോളം വിനിയോഗിക്കാതെ നഷ്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതു വിഭാഗം പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തേണ്ട തുക ഘടകസ്ഥാപനങ്ങളുടെ നവീകരണത്തിനു വിനിയോഗിച്ചതിലൂടെ മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ ശതമാനം കുറയുന്നതിന് ഇടയായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവരുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-4 ഹോമിയോ ഡിസ്പെൻസറി കെട്ടിടനിർമാണം -പ്രോജക്റ്റ് പൂർത്തീകരണത്തിനുവേണ്ടി വന്നത് 4 വർഷം

ഗ്രാമപഞ്ചായത്ത് വക ഹോമിയോ ഡിസ്പെൻസറിക്ക് 30m2വിസ്തീർണമുള്ള കെട്ടിടം നിർമിക്കുന്നതിന് 2013-14 സാമ്പത്തികവർഷം 7,00,000/-രൂപ വകയിരുത്തി ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്റ്റ്. (നം.എസ്139/14). 24.09.2013-ൽ ചമച്ച കരാർ പ്രകാരം 6 മാസം കാലാവധിയിൽ നിർമ്മാണച്ചുമതല ഏറ്റെടുത്ത ഗുണഭോക്തൃസമിതി പ്രവൃത്തി പൂർത്തീകരിച്ചത് 24.06.2017-ൽ മാത്രമാണ്. കേവലം 30 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണമുള്ള ഒരു കെട്ടിടം നിർമിക്കുവാൻ 4 വർഷങ്ങൾ വേണ്ടി വന്നുവെന്ന വസ്തുത ശ്രദ്ധിക്കപ്പെടേണ്ടതാണ്. കാലവിളംബത്തിന് പ്രത്യേക കാരണമൊന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കരാർ ദീർഘിപ്പിക്കുന്നതിനു നിയമാനുസൃതം സപ്ലിമെന്ററി കരാർ ചമച്ച രേഖയും ഫയലിലില്ല. കമ്പോളത്തിൽ നിർമാണ സാമഗ്രികളുടെ വില അനുദിനം വർദ്ധിക്കുന്നതിനാൽ , അകാരണമായി പദ്ധതി നീളുന്നത് പ്രവൃത്തിയുടെ ഗുണമേന്മയെ കാര്യമായി ബാധിക്കുമെന്നത് തർക്കത്തിനിട നൽകാത്ത വിഷയമാണ്. പ്രോജക്റ്റ് നടത്തിപ്പിലെ കാലതാമസം മോണിട്ടറിംഗ് സമിതിയുടെ മേൽനോട്ടച്ചുമതലയിലെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ, ആസൂത്രണം ചെയ്യുന്ന പ്രോജക്ടുകൾ സമയബന്ധിതവും കാര്യക്ഷമവുമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് , ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-5 പുതിയ കെട്ടിടത്തിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനസജ്ജമായില്ല

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്, തൻവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി, നിലവിലെ കാര്യാലയത്തോടുചേർന്ന് ഒരു പുതിയ കെട്ടിടം നിർമിച്ചിട്ടുണ്ട്(പ്രോജക്റ്റ് നം.എസ്024/18. ചെലവ് 457682/-രൂപ). പഞ്ചായത്തിന്റെ പ്രധാന കാര്യാലയവുമായി യാതൊരു ബന്ധവുമില്ലാതെ പുറത്തേക്ക് ഒരു വാതിൽ മാത്രമുള്ള ഒറ്റമുറിയാണ് ഈ പേരിൽ പണി കഴിപ്പിച്ചത്.

സെക്രട്ടറിയുടെ മുറിക്ക് സമീപം ഒരു വാതിലും നടയും സ്ഥാപിച്ചാൽ പ്രധാന കാര്യാലയവുമായി ഏകോപനം സാധ്യമാകാവുന്നതേയുള്ളുവെങ്കിലും പ്രസ്തുത സാധ്യത ഇതുവരെയും പരിഗണിച്ചിട്ടില്ല. പ്രോജക്ട് പൂർത്തീകരിച്ച് 10മാസങ്ങൾ കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യങ്ങളൊരുക്കി ഫ്രണ്ട് ഓഫീസ് പ്രവർത്തനം ആരംഭിക്കാതെ അടച്ചിട്ട നിലയിലാണ്. പദ്ധതി നടത്തിപ്പ്, തുക വിനിയോഗത്തിൽ മാത്രം ഒതുങ്ങാതെ അത് വിഭാവനം ചെയ്ത ലക്ഷ്യപൂർത്തിക്ക് ഉതകുന്നുവെന്ന് ഉറപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉചിത നടപടികൾക്കായി വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്കുകളുടെ പരിപാലനം-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനം, വൈദ്യുതി ചാർജ് ഒടുക്കൽ നടപടികൾ അപാകത നിറഞ്ഞതാണെന്ന് പരിശോധനയിൽ കാണുകയുണ്ടായി. കണ്ടെത്തിയ അപാകതകൾ ചുവടെ വിവരിക്കുന്നു.

### 1) ഡിമാന്റ് തുകയുടെ കൃത്യത ഉറപ്പാക്കാതെ വൈദ്യുതി ചാർജ് ഒടുക്കുന്നു.

മൂന്നാർ മേഖലയിലെ വൈദ്യുതി വിതരണ ഏജൻസിയായ കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ കമ്പനിക്കാണ് ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കുന്നത്. കമ്പനി ഹാജരാക്കുന്ന ഡിമാൻഡ് നോട്ടീസുകളിലെ തുക യാതൊരു പരിശോധനയും കൂടാതെ ഒടുക്കുന്ന പ്രവണതയാണ് പഞ്ചായത്തിൽ അനുവർത്തിക്കുന്നത്. പലമാസങ്ങളിലും യാഥാർത്ഥ്യവുമായി ഒരു പൊരുത്തവുമില്ലാത്ത കണക്കുകളാണ് ഡിമാൻഡ് നോട്ടീസുകളിൽ ഉൾപ്പെടുത്തിയിരുന്നതെന്ന് ഓഡിറ്റിൽ കാണുകയുണ്ടായി. പ്രതിമാസം ഒടുക്കേണ്ടതിലും അധികം തുക കുടിശ്ശികയായി കമ്പനി ഡിമാന്റ് ചെയ്തുവെങ്കിലും പഞ്ചായത്ത് അതിന്റെ ആധികാരികത പരിശോധിക്കാതെ ആവശ്യപ്പെട്ട തുക പൂർണമായും ഒടുക്കുകയാണ് ചെയ്തത്. തൻമൂലം രണ്ടു തവണയായി ഗണ്യമായ തുക കമ്പനിക്ക് നല്കി. തൻവർഷം വൈദ്യുതി ചാർജായി കമ്പനി ഡിമാന്റ് ചെയ്തതും ഗ്രാമപഞ്ചായത്ത് ഒടുക്കിയതുമായ തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | വൗച്ചർ നം& തീയതി | തൻമാസത്തെ ഡിമാൻഡ് തുക | കുടിശ്ശിക ഉൾപ്പെടെ ഡിമാൻഡ് ചെയ്ത ആകെത്തുക | ഒടുക്കിയ തുക |
|---|---|---|---|---|
| 4/17 | 21700041/18-4-17 | 44326/- | 96202/- | 44326/- |
| 5/17 | 21700086/9-5-17 | 46558/- | 100564/- | 46558/- |
| 8/17 | 21700272/10-8-17 | 42705/- | 251359/- | 42705/- |
| 9/17 | 21700363/18-9-17 | 41886/- | 295342/- | 295342/- |
| 10/17 | 21700425/17-10-17 | 42342/- | 298518/- | 42342/- |
| 11/17 | 21700496/8-11-17 | 41496/- | 41496 | 41496/- |
| 12/17 | 21700543/8-12-17 | 41020/- | 384285/- | 41020/- |

| | | | | |
|---|---|---|---|---|
| 1/18 | 21700596/4-1-18 | 39214/- | 44334/- | 39214/- |
| 2/18 | 21700680/7-2-18 | 40400/- | 84898/- | 84898/- |
| 3/18 | 21700838/29-3-18 | 41067/- | 41803/- | 41067/- |

എ) ഓഗസ്റ്റ് മാസം 42705/-രൂപ വൈദ്യുതി ചാർജ് ഒടുക്കിയിട്ടുണ്ടെങ്കിലും, പ്രസ്തുത തുക ഉൾപ്പെടെയുള്ള തുക സെപ്തംബറിലെ ഡിമാന്റിനൊപ്പം ആവശ്യപ്പെട്ടുകയും അത്രയും തുക ഒടുക്കുകയും ചെയ്തു.

ബി) സെപ്തംബർ മാസത്തെ ഡിമാന്റിനൊപ്പം അതുവരെയുള്ള കുടിശ്ശിക പൂർണമായി ഒടുക്കിയെങ്കിലും കമ്പനി ഒക്ടോബർ മാസം കുടിശ്ശികയുൾപ്പടെ 298518/-രൂപയും,ഡിസംബറിൽ 384285/- രൂപയും ഡിമാന്റ് ചെയ്തു.

സി) 2018 ഫെബ്രുവരി മാസം കുടിശ്ശിക ഉൾപ്പെടെ ആകെത്തുക 84898/- ഒടുക്കിയിട്ടുണ്ട്. മുൻമാസം ഒടുക്കിയ 39214/-രൂപയും പ്രസ്തുത തുകയിൽ ഉൾപ്പെട്ടതായി കാണുന്നു.

കമ്പനിക്ക് മേൽവിവരിച്ച പ്രകാരം അധികമായി തുക അനുവദിച്ചത് സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തേണ്ടതും അധികതുക തുടർന്നുള്ള മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കേണ്ടതുമാണ്.

2.തെരുവു വിളക്കുകളുടെ പരിപാലന നടപടികളിൽ സുതാര്യതയില്ല

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി എ.എം.സി. ഏർപ്പെടുത്തിയിട്ടില്ല. ആവശ്യമായ ദിവസങ്ങളിൽ ഇലക്ട്രീഷ്യനെ ദിവസവേതനത്തിന് നിയമിക്കുകയാണ് നിലവിൽ ചെയ്യുന്നത്.ടിയാന്റെ വേതനവും വാഹനത്തിനു വേണ്ടിവരുന്ന തുകയും മാസാമാസം തനത് ഫണ്ടിൽ നിന്നു നൽകുന്നു.എന്നാൽ അറ്റകുറ്റപ്പണികൾ മോണിട്ടർ ചെയ്യുന്നതിന് സംവിധാനമില്ല. തന്മൂലം പ്രസ്തുത ചെലവുകൾ കാര്യക്ഷമമായ വിനിയോഗമെന്ന് ഉറപ്പാക്കാനാവാത്ത സ്ഥിതി വിശേഷമാണുള്ളത്.

3.തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓരോ വർഷവും വൻതുകകൾ ചെലവഴിച്ച് തെരുവു വിളക്കുകൾ വാങ്ങുന്നു. ഓരോയിനത്തിലും ആയിരക്കണക്കിനു വിളക്കുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇവ യഥാവിധി ഘടിപ്പിച്ചതിന്റെയും പ്രവർത്തിക്കുന്നതിന്റെയും വിവരങ്ങൾ ലഭ്യമല്ല. വാങ്ങിയ സാധനങ്ങളിൽ പലതിനും വർഷങ്ങളുടെ വാറന്റി ലഭിക്കുന്നവയാണ്. എന്നാൽ അവ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ മാറ്റിക്കിട്ടുന്നതിനുള്ള അവസരം നഷ്ടപ്പെടുകയും അത് വീണ്ടും വില നൽകി വാങ്ങേണ്ട സാഹചര്യം സംജാതമാകുകയും ചെയ്യുന്നു. ട്യൂബ് ,ബൾബ്,സി.എഫ്.എൽ,എൽ.ഇ.ഡി, സോഡിയം വേപ്പർ ലാമ്പ് എന്നിങ്ങനെയുള്ള തെരുവു വിളക്കു സാമഗ്രികൾ,അവ സ്ഥാപിച്ച പ്രദേശം/പോസ്റ്റ് ,ഓരോയിനത്തിന്റെയും വാറന്റി കാലയളവ് തുടങ്ങിയ കൃത്യമായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ ക്രോഡീകരിച്ചു സൂക്ഷിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാൽ ഓരോ വർഷവും ഗണ്യമായ അധികച്ചലവ് പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്നു. ഇത്തരം അധികച്ചലവ് പഞ്ചായത്ത് ഫണ്ടിന് വൻ സാമ്പത്തിക ബാധ്യതയാണ് വരുത്തുന്നത്.

തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ മേൽ പരാമർശിത അപാകതകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പ്രോജക്ട് പൂർത്തീകരിച്ചെങ്കിലും ബാങ്ക് അക്കൌണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

സമ്പൂർണവെളിയിട വിസർജ്ജ്യ വിമുക്ത പദ്ധതിക്കുവേണ്ടി(ODF) എസ്.ബി.ഐ. മാട്ടുപ്പെട്ടി ശാഖയിൽ വി.ഇ.ഒ. ആരംഭിച്ച 67056399364-നമ്പർ അക്കൌണ്ടിൽ 159672/- നീക്കിയിരിപ്പുണ്ട് (പാസ്ബുക്ക് കാലികമാക്കിയിട്ടില്ല 23.1.2018-വരെയുള്ള രേഖപ്പെടുത്തൽ പ്രകാരം). 01.11.2017-ൽ പ്രോജക്ട് പൂർത്തീകരിച്ചതിനാൽ ബാക്കിനിൽക്കുന്ന തുകയ്ക്ക് വിനിയോഗ സാധ്യത ഇല്ലാത്തതാണ്. നിർജ്ജീവമായ അക്കൗണ്ടിൽ പൊതുമുതൽ സൂക്ഷിക്കുന്നത് അഭിലഷണീയമായ പ്രവണതയല്ലാത്തതിനാൽ ടി അക്കൗണ്ട് അടിയന്തിരമായി ക്ലോസ് ചെയ്യേണ്ടതും നീക്കിബാക്കി തുക സമാന ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതുമാണ്. തുക ആവശ്യമില്ലാത്തപക്ഷം അനുവദിച്ച ഏജൻസിക്ക് തിരികെ നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 3340000 | ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം (എസ്.സി.) | 0 | 3340000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല –

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-4 വായ്പ / വായ്പാതിരിച്ചടവ്

- ഇല്ല –

## 4-5 സ്ഥിര നിക്ഷേപം

- ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

-ഇല്ല-

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-2 | 2016-17 | അനുബന്ധം 4 | വസ്തു നികുതി-അപാകതകൾ | ലഭ്യമല്ല |
| - | - | 2012-13 | 2.4 | ഫ്രണ്ട് ഓഫീസ് സംവിധാനം-ലഘു അവലോകനം | ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

-ഇല്ല-

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 95460055 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 103830909 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 2-1, 2-2, 2-3, 2-4 |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 2005-06 | എൽ എഫ് ഐ -9/515/08/11.8.08 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-9 2-10, 3-1 | 10 |
| 2006-2007 | എൽ എഫ് ഐ -9/515/08/ 11.8.08 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 | 10 |
| 2007-08 | എൽ എഫ് ഐ -9/199/10/03.03.12 | 2-1, 2-2, 2-3, 2-4, | 27 |

| | | | |
|---|---|---|---|
| | | 2-5,2-6,<br>2-7, 2-8, 3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-7,3-8,<br>3-9,<br>3-11 മുതൽ 3-20 വരെ | |
| 2008-09 | എൽ എഫ് ഐ -14/618/11/7.3.12 | 2-1, 2-2, 2-3,<br>3-1 മുതൽ 3-10 വരെ | 13 |
| 2009-10 | എൽ എഫ് ഐ -14/208/11/8.3.12 | 2-1 മുതൽ 2-5 വരെ,<br>3-1 മുതൽ 3-14 വരെ | 19 |
| 2010-11 | എൽ എഫ് ഐ -14/1502/12/4.7.13 | 2-3 മുതൽ 2-6 വരെ<br>3-1 മുതൽ 3-11 വരെ | 15 |
| 2011-12<br>&<br>2012-13 | എൽ എഫ് ഐ -14/1304/13/8.7.14 | 2-1, 2-2, 2-4, 2-5, 2-6,<br>3-1 മുതൽ 3-13 വരെ<br>3-14(2) | 19 |
| 2013-14<br>&<br>2014-15 | കെ.എസ്.എ.ഐ.ഡി.കെ-14/1262/15/ 28.3.16 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-11 വരെ | 15 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-14/ 1493/2016<br>തി.30.12.2016 | 2-1, 2-2<br>3-1 മുതൽ 3-7 വരെ | 9 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-14/984/17/ തീ.19.07.17 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-6 വരെ | 10 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി.

## അനുബന്ധം -1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ-14/1407/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ, തീയതി:31.01.2019
Ph:04862-227332
e-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ ദേവികുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി